# യുവജന പ്രശ്നങ്ങളും ആധുനിക സാഹിത്യവും

എൻ. വി. കൃഷ്ണവാരിയർ

"യുവജന പ്രശ്നങ്ങളും ആധുനിക സാഹിത്യവും" എന്ന വിഷയത്തെപ്പററിയുള്ള ചർച്ചയിൽ പ്രധാനമായി പര്യാലോചിക്കേണ്ടതു് മൂന്നു കാര്യങ്ങളാണു്. (1) യുവജനങ്ങളുടെ സവിശേഷപ്രശ്നങ്ങൾ ഏവ, പ്രത്യേകിച്ചും നമ്മുടെ രാജ്യത്തു്, നമ്മുടെ കാലത്തിൽ? (2) ആധുനിക സാഹിത്യമെന്നതുകൊണ്ടു് അർത്ഥമാക്കുന്നതെന്തു് (3) യുവജനപ്രശ്നങ്ങൾ ആധുനിക സാഹിത്യത്തിൽ എങ്ങിനെ പ്രതിഫലിക്കുന്നു? ആധുനികസാഹിത്യം യുവജനപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ എന്തു സംഭാവന നൽകുന്നു?

## യുവജനങ്ങളുടെ പ്രശ്നങ്ങൾ.

എല്ലാ മനുഷ്യർക്കും പ്രശ്നങ്ങളുണ്ടു്. ആഹാരം, വസ്ത്രം, പാർപ്പിടം, രോഗത്തിലും വാർധക്യത്തിലും ശുശ്രൂഷ എന്നിവ എല്ലാവർക്കുമാവശ്യമാണു്. ഈ ആവശ്യങ്ങളുടെ നിവൃത്തിക്കായി സുകരവും അസുഖകരമല്ലാത്തതുമായ, വരുമാനമുള്ള, എന്തെങ്കിലും ജോലിയും എവർക്കും കൂടിയേ തീരൂ. സമൂഹജീവിയായ മനുഷ്യന്നു് കുടുംബബന്ധങ്ങൾ നിലനിർത്താതെ വയ്യ. കുടുംബബന്ധങ്ങളാകട്ടെ അവയുടേതായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സാമ്പത്തികവും സാമൂഹ്യവുമായ ഈ പ്രശ്നങ്ങളോടൊപ്പം ഓരോ മനുഷ്യനുമുണ്ടു് അവൻേറതായ ബൗദ്ധിക-വൈകാരിക പ്രശ്നങ്ങൾ. പ്രപഞ്ചം എന്നാൽ എന്തു്? അതിൽ മനുഷ്യൻെറ സ്ഥാനമെന്താണു്? പ്രത്യേകിച്ചും ഒരു വ്യക്തിയെന്ന നിലയിൽ എനിക്കു് പ്രപഞ്ചത്തിൽ എന്തു സ്ഥാനമാണുള്ളതു്? ജീവിതത്തിൻെറ സ്വഭാവമെന്തു്? മരണം എല്ലാററിൻെറയും പര്യവസാനമാണോ? മരണാനന്തരം നിലനിൽക്കുന്ന ഒരാത്മാവു മനുഷ്യനുണ്ടോ? മനുഷ്യനെന്നപോലെ പ്രപഞ്ചത്തിന്നും ഒരാത്മാവു സർവന്തര്യാമിയായ ഒരു ചേതനതത്വം, ഉണ്ടായിരിക്കുമോ? ഉണ്ടെങ്കിൽ, ഈ തത്വവുമായി അത്യന്തം ഗാഢവും ആനന്ദപ്രദവുമായ ഒരു ബന്ധം സ്ഥാപിക്കാൻ മനുഷ്യന്നു കഴിവുണ്ടോ? സ്നേഹം, സൗന്ദര്യം, സത്യം, ധർമ്മം മുതലായ മൂല്യങ്ങളുടെ യഥാർത്ഥസ്വഭാവമെന്തു്? ജീവിതത്തിൽ ഈ മൂല്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിന്നും, അങ്ങിനെ ചുററുമുള്ള നിസ്സാരതകളിൽ നിന്നും നിരർത്ഥകതകളിൽ നിന്നും ഉയരുന്നതിന്നും മനുഷ്യന്നു് സാധ്യമോ?

വ്യക്തിപരവും സാമൂഹ്യവുമായ ഇത്തരം പ്രശ്നങ്ങൾ എവർക്കുമുള്ളവയാണു്. ചിന്തയുടെ അവശ്യാഭാവികളായ അനുബന്ധങ്ങളാണവ. ഇക്കൂട്ടത്തിൽ, യുവജനങ്ങൾക്കു പ്രത്യേകം ബാധകമായ ചില പ്രശ്നങ്ങളുണ്ടു്. സ്വപ്നങ്ങളുടെയും ആദർശങ്ങളുടെയും കാലമാണു് യൗവനം. യുവാവിൻെറ മുമ്പിൽ കാലം അനന്തദീർഘവും പ്രപഞ്ചം അസീമവിശാലവുമത്രെ, ഇന്നിനേക്കാൾ കൂടുതൽ യുവത്വത്തെ ആവേശഭരിതമാക്കുന്നതു് നാളെയാണു്. കർമ്മശക്തിയുടെ ഒടുങ്ങാത്ത ഉറവയാണു് യുവാവസ്ഥ. ഇക്കാരണങ്ങളാൽ യുവത്വത്തിൽ വ്യക്തിപരമായ പ്രശ്നങ്ങളെക്കാൾ കൂടുതൽ പ്രസക്തി സമഷ്ടിപരമായ പ്രശ്നങ്ങൾക്കാണു്. പ്രേമം, വൈരം മുതലായ നിതാന്തവൈയക്തികങ്ങളായ വൈകാരിക പ്രശ്നങ്ങളെപോലും സാമാന്യവൽക്കരിച്ചു് മൂല്യരൂപത്തിൽ സാക്ഷാൽക്കരിക്കാനത്രെ യുവചേതന വെമ്പുന്നതു്.

എല്ലാ രാജ്യങ്ങളിലും യുവജനങ്ങൾ നിലവിലുള്ള വ്യവസ്ഥിതിയിൽ അസംതൃപ്തരാണു്. ഇന്ത്യയെപ്പോലുള്ള ഒരു പിൻനിലരാജ്യത്തിൽ അസംതൃപ്തർ മാത്രമല്ല ക്രുദ്ധരും ക്ഷുഭിതരും നിരാശരും എല്ലാമാകുവാൻ ധാരാളം കാരണങ്ങൾ അവർക്കുണ്ടു്. ഒന്നാമത്തെ കാരണം നമ്മുടെ കഠിനമായ ദാരിദ്ര്യം തന്നെ. ലോകത്തിലെ ഏററവും സമ്പന്നമായ ഒരു രാജ്യമാണിന്ത്യ; പക്ഷേ, ഏററവുമധികം ദരിദ്രരായ മനുഷ്യരാണിവിടെ പാർക്കുന്നതു്. ബഹുഭൂരിപക്ഷവും ദാരിദ്ര്യരേഖയ്ക്കു താഴെയാകുന്നു. ആധുനിക വിജ്ഞാനം നൽകുന്ന സിദ്ധികൾ ഉപയോഗപ്പെടുത്തി കാർഷിക-വ്യാവസായിക മേഖലകളിൽ ഉൽപാദനം പരമാവധി വർധിപ്പിക്കാനും, ഉൽപന്നങ്ങളുടെ നീതിയുക്തമായ വിതരണത്തിലൂടെ ഏറെക്കുറെ തൃപ്തികരമായ ജീവിതനിലവാരം എവർക്കും ലഭ്യമാക്കാനും ഇന്ത്യയിൽ സാധ്യമാകേണ്ടതാണു്. പക്ഷേ, എഴുപതു ശതമാനത്തിൻെറ നിരക്ഷരത, കൊളോണിയൽ ഭരണത്തിൻെറ പൈതൃകം പുലർത്തിവരുന്ന ഭാവനാശൂന്യമായ ഉദ്യോഗസ്ഥ മേധാവിത്വം, സമകാലജീവിതത്തിൽ യാതൊരു പ്രസക്തിയുമില്ലാത്ത നിതാന്തവന്ധ്യമായ വിദ്യാഭ്യാസ സമ്പ്രദായം–അങ്ങിനെ പല കാരണങ്ങളാൽ, സ്വാതന്ത്ര്യത്തിൻെറ ഇരുപത്തഞ്ചു വർഷങ്ങളിൽ പുരോഗമിക്കുന്നതിന്നു പകരം നാം പുറകോട്ടു പോകുന്നതായാണു് അനുഭവം. ജാതിമത പ്രാദേശിക ചിന്തകളിലും സ്വാർത്ഥത്തിലും വേരൂന്നി നിൽക്കുന്ന ഇന്ത്യയിലെ പാരമ്പര്യാഷ്ഠിത സമുദായം യുവജനങ്ങളെ വീർപ്പുമുട്ടിക്കേണ്ടതാണു്. ഈ സമുദായത്തിൻെറ അസ്ഥിവാരം തകർത്തു്, അതിൻെറ സ്ഥാനത്തു് ജനാധിപത്യത്തിൻെറ ഉദാരമൂല്യങ്ങളിലും സമത്വത്തിലും നീതിയിലും അധ്വാനത്തിലും അധിഷ്ഠിതമായ ഒരാധുനിക സമുദായത്തെ നിലവിൽ വരുത്തുകയാണു്, ആവശ്യം, ഈ രാജ്യത്തു് യുവജനങ്ങളുടെ ഇന്നത്തെ ഐതിഹാസികമായ കർത്തവ്യം യുവ

ജനങ്ങളുടെ പ്രശ്നം സമഗ്രമായ രാഷ്ട്രീയ പുനർനിർമ്മാണത്തിന്റെ പ്രശ്നമാണ്. സമുദായത്തെ, രാഷ്ട്രത്തെ, രാഷ്ട്രത്തിന്റെ ജീവിതദർശനത്തെ, നാം പുനർനിർമ്മിക്കേണ്ടിയിരിക്കുന്നു; സർവ്വോപരി വ്യക്തികളെ-കാരണം, ആദർശോജ്ജ്വലരും കർമ്മധീരരും പ്രയത്നശാലികളും നിസ്വാർത്ഥരും ധിഷണാസമ്പന്നരുമായ ഒരുകൂട്ടം യുവജനങ്ങളുടെ നിരന്തരാധ്വാനം കൊണ്ടുമാത്രമേ ഈ മഹാരാജ്യത്തിലെ ജനകോടികൾ ഉണർന്നെഴുന്നേൽക്കുകയും പുരോഗതിയുടെ പാതയിലൂടെ മുന്നേറുവാൻ ആരംഭിക്കുകയുമുള്ളു. സർവ്വങ്കഷമായ ഒരു സാംസ്കാരിക-സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയവിപ്ലവം ഇവിടെയുണ്ടാകേണ്ടിയിരിക്കുന്നു. ആ വിപ്ലവത്തിന്റെ ചക്രങ്ങൾ ചലിപ്പിക്കുകയത്രേ ഇന്നത്തെ ഇന്ത്യയിൽ യുവജനങ്ങളുടെ മഹത്തായ സാഫല്യം.

ഇവിടെ ഏതാനും ചോദ്യങ്ങളുണ്ടാവാം: യുവജനങ്ങൾക്കു വിശപ്പില്ലേ, ദാഹമില്ലേ? ഭക്ഷ്യപേയങ്ങൾക്കപ്പുറം മദ്യവും കഞ്ചാവും കറുപ്പും മറ്റു ലഹരിദ്രവ്യങ്ങളും തുറന്നുതരുന്ന വിചിത്രാനുഭൂതികളിൽ അവർക്കു താൽപര്യമില്ലേ? ഇണയോടുള്ള ആകർഷണം യുവത്വത്തിന്റെ സ്വഭാവമല്ലേ? ഇവിടത്തെ പരിതസ്ഥിതിയിൽ, യുവജനങ്ങളിൽ വളരെയധികം പേർക്കും ഇത്തരം ആഗ്രഹങ്ങൾ വല്ലതും നിറവേറുന്നുണ്ടോ? ഇതവരെ മോഹഭംഗത്തിലേക്കു നയിക്കുന്നില്ലേ? എന്തെല്ലാം ആദർശം പറഞ്ഞാലും, ജീവിതത്തിലെ അനിവാര്യമായ ഏകസത്യം മരണമല്ലേ? മരണത്തിന്റെ മുമ്പിൽ ഏകാന്തതയ്ക്കു വിധിക്കപ്പെട്ടവനല്ലേ മനുഷ്യൻ? സ്വാതന്ത്ര്യം അവനൊരു ശാപമല്ലേ?

രണ്ടുതരം ചിന്താഗതികൾ, രണ്ടു ജീവിതവീക്ഷണങ്ങൾ, ആണ് ഇവിടെ നാം കണ്ടുമുട്ടുന്നത്. പ്രപഞ്ചത്തെ മനസ്സിലാക്കാനും, മാറ്റാനും, മനുഷ്യവാസയോഗ്യമാക്കാനും, പ്രതിബന്ധങ്ങൾ തകർത്തു മുന്നേറാനും പ്രേരണ നൽകുന്നതാണ് ഇവയിൽ ആദ്യത്തെ ചിന്താഗതി. ഉള്ള വിളക്കുകൂടി ഊതിക്കെടുത്തി നിരാശതയുടെ ആന്ധ്യത്തിൽ, കഞ്ചാവിന്റെ പുകയിൽ സർവ്വവും മറന്ന്, സ്വന്തം പൊക്കിൾ നോക്കി ധ്യാനിക്കുവാൻ രണ്ടാമത്തെ ജീവിതവീക്ഷണം പ്രേരണ നൽകുന്നു. ഇതിലേതാണ് പ്രസക്തമായ ചിന്താഗതിയെന്ന്, ഏതാണ് താൻ മാർഗ്ഗദർശകമായി കൈക്കൊള്ളുന്നതെന്ന് ഓരോ യുവാവും യുവതിയും സ്വയം ആലോചിച്ചു തീരുമാനിക്കട്ടെ.

## ആധുനികസാഹിത്യം

ആധുനിക സാഹിത്യമെന്നതുകൊണ്ടു നാം അർത്ഥമാക്കുന്നത് സമകാലിക സാഹിത്യമെന്നല്ല, ആധുനികത കാലികമല്ല, ജീവിതവീക്ഷണപരമാണ് ഇവിടെ. യൂറോപ്പിൽ ഫാസിസവും നാത്സിസവും നാമ്പെടുത്തുകൊണ്ടിരുന്ന യുദ്ധപൂർവ്വവർഷങ്ങളിൽ അത്യന്തം ഭാവനാശാലികളായ ചില എഴുത്തുകാർ മനുഷ്യവർഗ്ഗത്തിനു വരാനിരിക്കുന്ന ഭീകരാനുഭവങ്ങളെ മനോദർപ്പണത്തിൽ മുൻകൂട്ടിക്കണ്ട് കിടിലംകൊള്ളുകയുണ്ടായി. ഇക്കൂട്ടരിലൊരാളാണ് ഫ്രാൻത്സ് കാഫ്ക. യുദ്ധകാലത്താകട്ടെ, സമഗ്രാധിപത്യങ്ങളുടെ ഉരുക്കു ബൂട്ട്സുകൾക്കുകീഴിൽ ഞെരിഞ്ഞിരുന്ന യൂറോപ്യൻ പ്രതിഭയിൽ മുമ്പുപറഞ്ഞ കിടിലവും സംത്രാസവും കൂടുതൽ കൂടുതൽ ആളിക്കത്തി. കാമു, സാർത്ര് മുതലായവരുടെ കൃതികൾ ഈ കാലഘട്ടത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നു. തങ്ങളുടെ സവിശേഷ മാനസികാവസ്ഥയ്ക്ക് നീതീകരണം നൽകുന്ന ഒരു തത്വശാസ്ത്രം പഴയ, അപ്രസിദ്ധരായ ചില ദാർശനികരിൽനിന്നു കടം വാങ്ങാൻ ഇവർക്കു കഴിഞ്ഞു. യുദ്ധത്തിനുശേഷമുണ്ടായ ശീതയുദ്ധകാലത്തും, തുടർന്നുവന്ന സമ്പന്നതയുടെ വർഷങ്ങളിലും പാശ്ചാത്യജനത മറ്റെല്ലാം മറന്ന് കാമപുരുഷാർത്ഥത്തെ ആരാധിക്കാൻ തുടങ്ങി. സ്റ്റാലിന്റെ അധഃപതനം, കമ്മ്യൂണിസത്തിന്റെ ശിഥിലനം, അമേരിക്കയുടെ കൊളോണിയൽ യുദ്ധങ്ങൾ മുതലായവ സൃഷ്ടിച്ച നൈതികമായ അന്ധകാരത്തിൽ ഈ കാമാരാധന തഴച്ചുവളർന്നു. ഗർഭനിരോധൗഷധങ്ങളും മനോവിഭ്രാമകൗഷധങ്ങളും സംബന്ധിച്ച പുതിയ ഉപജ്ഞാനങ്ങൾ ഇതിനു സഹായമായി. സ്ത്രീപുരുഷബന്ധത്തെ സംബന്ധിച്ച ഈ പുതിയധാരണയും സാഹിത്യത്തിൽ പ്രതിഫലിച്ചു.

ഇന്നു പൊതുവെ ആധുനികസാഹിത്യമെന്ന പേരിലറിയപ്പെടുന്നത് ഈ കാലത്തെ പാശ്ചാത്യസാഹിത്യത്തിന്റെ മുഖ്യധാരയും, അതിന്ന് ഇന്ത്യയിലുണ്ടായ അനുകരണങ്ങളുമാകുന്നു. രൂപപരങ്ങളായ പല പരീക്ഷണങ്ങളും ഉൾക്കൊണ്ടിരുന്നതിനാൽ ഈ 'ആധുനിക' സാഹിത്യം പഴയസാഹിത്യത്തിലെ പല അർത്ഥശൂന്യതകളെയും പൊളിച്ചുകളയാൻ സഹായിച്ചു. നമ്മുടെ പല ആത്മവഞ്ചനകളെയും അതു തുറന്നുകാട്ടി. കളിമണ്ണുകാലുള്ള പല കള്ളദൈവങ്ങളെയും അതു സ്ഥാനഭ്രഷ്ടരാക്കി. ഇന്ത്യയിലെ എല്ലാ ഭാഷാസാഹിത്യങ്ങൾക്കും 'ആധുനിക' പ്രസ്ഥാനം ഗണ്യമായ സേവനം നൽകുകയുണ്ടായി.

## യുവജനപ്രശ്നങ്ങൾ ആധുനിക സാഹിത്യത്തിൽ

യുവജനങ്ങളുടെ വൈയക്തികങ്ങളായ നൈരാശ്യങ്ങളെയും മോഹഭംഗങ്ങളെയും ആധുനികസാഹിത്യം ശക്തിപൂർവം ചിത്രീകരിച്ചു. പഴയ ചിരപ്രതിഷ്ഠിത മൂല്യങ്ങളുടെ നിസ്സാരതയും നിരർത്ഥതയും അതു വെളിവാക്കി. പഴയ വഞ്ചനകളെ അതു തുറന്നുകാട്ടി.

പക്ഷെ, യുവജനങ്ങളുടെ സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ പ്രശ്നങ്ങളെ പ്രതിഫലിപ്പിക്കുന്നതിന്, ആധുനിക സാഹിത്യം ശ്രമിച്ചില്ല. ആ പ്രശ്നങ്ങളുടെ പരിഹാരത്തിന് ക്രിയാത്മകമായ ഒരു സംഭാവനയും "ആധുനിക സാഹിത്യ"ത്തിൽ നിന്ന് കൈവരുകയുണ്ടാവില്ല എന്നു പ്രത്യേകിച്ചു പറയേണ്ടതില്ല.

'ആധുനിക സാഹിത്യം ഇന്ന് സത്യത്തിൽ ആധുനികമല്ലാതായിരിക്കുന്നു. അമ്പതുകളിലെ പാശ്ചാത്യ സാഹിത്യത്തിന്റെ വൈകിവരുന്ന മാറ്റൊലികളാണ് അതിൽ മുഖ്യമായും കേൾക്കാനുള്ളത്. ഇന്നത്തെ ലോകത്തിൽ അതിനു പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു; പ്രത്യേകിച്ചും ഇന്നത്തെ ഭാരതത്തിൽ.

ഭാരതത്തിന്റെ പ്രശ്നങ്ങൾ നമുക്കറിയാം. മുമ്പു പ്രസ്താവിച്ചപോലെ ഭീകരമായ ദാരിദ്ര്യവും തജ്ജന്യങ്ങളായ നൂറു പരാധീനതകളും, പാരമ്പര്യാധിഷ്ഠിത സമുദായത്തിലെ ജാതി-പ്രാദേശിക-മത-ഭാഷാ മത്സരങ്ങൾ: വ്യാപകമായ സ്വാർത്ഥവും ധർമ്മച്യുതിയും: ജനതയുടെ ഭീമമായ അജ്ഞത: വളരാനും വികസിക്കാനും വ്യക്തികളെ അനുവദിക്കാത്ത സാഹചര്യങ്ങളെപ്പറ്റി ആർക്കുതന്നെ ബോധമില്ല? ഈ ബോധം, പക്ഷെ, പുകഞ്ഞു നീറുന്നതല്ലാതെ ആളിക്കത്തുന്നില്ല. നൈരാശ്യത്തിന്റെ ഈ കരിംപുക കർമ്മശക്തിയുടെ ഉജ്ജ്വല ജ്വാലയായി മാറുകയത്രേ സാഹിത്യത്തിന്റെ ഇന്നത്തെ ഐതിഹാസികമായ കർത്തവ്യം. ഈ കർത്തവ്യം നിറവേറുന്നതിൽ നമ്മുടെ "ആധുനിക" സാഹിത്യം വിജയിച്ചിട്ടില്ല.

ആദർശത്തിന്റെ, ഉദാരമായ മാനവവാദത്തിന്റെ, സന്ദേശമാണ് ഇന്നത്തെ സാഹിത്യത്തിൽ നിന്ന് നമുക്കു ലഭിക്കേണ്ടത്. സാഹിത്യകാരന്മാരുടെ പുതിയ തലമുറ ഈ സത്യം മനസ്സിലാക്കുമെന്നും, വിമോചനത്തിന്റേതായ ഒരു സാഹിത്യപ്രസ്ഥാനം ഇവിടെ ഉടലെടുക്കുമെന്നും ഞാൻ ആശിക്കുന്നു.